കൊറിയയിലെ സിയൂൾനഗരത്തിൽ പാർത്തു് ബൗദ്ധഗ്രന്ഥങ്ങൾ പരിശോധിക്കുന്ന കാലിഫോർണിയ യൂണിവേഴ്സിററിയിലെ പ്രൊഫ. ഐ. ആർ. ലങ്കാസ്റ്റർ പറയുന്നതു് 'പ്രസിദ്ധരായ രണ്ടു ബൗദ്ധ സഞ്ചാരികൾക്കു(ഫാഹ്സിയേനും ഹ്സുവാൻ ത്സാങ്ങിനും)ശേഷം, വിദേശീയാക്രമണംകൊണ്ടു കലങ്ങിമറിഞ്ഞിരുന്ന ഇന്ത്യ സന്ദർശിച്ചു മടങ്ങിപ്പോന്ന ഏക വിദേശസഞ്ചാരി ഒരുപക്ഷേ, ഹ്യേചോ ആയിരിക്കണം' എന്നാണു്. ഈ കൃതി ചൈനീസ് ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. കൊറിയ ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ അടുത്ത കാലത്തു് ഈ കൃതി ഫിലിംചെയ്തിട്ടുണ്ടത്രേ. വരുന്ന സെപ്റ്റംബറിൽ ഈ ഫിലിം ടെലിവിഷനിൽ പ്രദർശിപ്പിക്കുന്നതാണെന്നും അറിയുന്നു.

ജൂലൈ 5–ാം തീയതി സിയൂളിൽനിന്നയച്ചതും ജൂലൈ 6–ാം തീയതിയിലെ 'ഹിന്ദു'വിൽ പ്രസിദ്ധീകരിച്ചതുമായ ഒരു വാർത്തയാണു് എന്റെ ഈ കുറിപ്പിനു് ആധാരം.

താൻ സന്ദർശിക്കുന്നകാലത്തു് ഇന്ത്യയിൽ കുററവാളികൾക്കു വധശിക്ഷ നൽകിയിരുന്നില്ലെന്നു് ഹ്യേചോ പ്രസ്താവിച്ചിട്ടുണ്ടത്രേ. കുററക്കാരെ ചമ്മട്ടികൊണ്ടു് അടിക്കുകയോ മററു തരത്തിലുള്ള ദേഹദണ്ഡനങ്ങൾ ഏല്പിക്കുകയോചെയ്തിരുന്നില്ല. പിഴ ഈടാക്കുകമാത്രമായിരുന്നു അന്നത്തെ ശിക്ഷ. മധ്യഭാരതത്തിൽ അന്നു പ്രചാരത്തിലിരുന്ന ബുദ്ധമതത്തിന്റെ സ്വാധീനമാവാം ശിക്ഷയുടെ ഈ അഹിംസാത്മകസ്വഭാവത്തിനു കാരണം.

ഇന്ത്യയിലെ പൗരന്മാരിൽനിന്നു നിലംനികുതിയോ, ആദായനികുതിയോ വസൂലാക്കിയിരുന്നില്ലെന്നും ഹ്യേചോ പറയുന്നുണ്ടു്. പക്ഷേ, പൗരന്മാർ രാജാവിനു് ആറു പെട്ടി (പറ?) ധാന്യം വീതം നൽകണമായിരുന്നു. ഇതു ജനങ്ങൾ കോവിലകത്തു കൊണ്ടു കൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഈ 'പാട്ടം' വാങ്ങിക്കൊണ്ടുപോകാനുള്ള ഏർപ്പാടു് രാജാവുതന്നെ ചെയ്തിരുന്നുവത്രേ.

ഹിന്ദു ധാരണയനുസരിച്ചു്, ഉല്പന്നത്തിന്റെ ആറിലൊന്നു മാത്രമേ രാജാവിനു് അവകാശപ്പെട്ടിരുന്നുള്ളു എന്നു് ഓർക്കുക.

ഇന്നു നിങ്ങളുടെ വരുമാനത്തിന്റെ എത്ര ഭാഗമാണു നേരിട്ടുള്ള നികുതികളായും, നേരിട്ടല്ലാതുള്ള നികുതികളായും നിങ്ങൾ സർക്കാരിനു നൽകുന്നതു് എന്നു കണക്കുകൂട്ടി നോക്കിയിട്ടുണ്ടോ?

(9 ജൂലൈ, 1983)

# 77. ഹ്യേചോവിന്റെ മധ്യഭാരതയാത്ര

ക്രിസ്തുവർഷം ഏഴാം ശതകത്തിന്റെ പൂർവാർദ്ധത്തിൽ കാന്യകുബ്ജം (കനൗജ്) ആസ്ഥാനമാക്കി ഉത്തരേന്ത്യ ഭരിച്ച ഹർഷവർദ്ധനചക്രവർത്തിക്കും പതിനൊന്നാം ശതകത്തിന്റെ ആരംഭത്തിൽ ഇന്ത്യ ആക്രമിച്ച ഗസ്നിയിലെ മഹമ്മദിനും ഇടയ്ക്കുള്ള ഏറെക്കുറെ അന്ധകാരാവൃതമായ ഇന്ത്യയുടെ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന ഒരു കൃതിയെപ്പററി 'കലാലയ'ത്തിന്റെ ഓഗസ്റ്റ് 7–ാം തീയതിയിലെ ലക്കത്തിൽ ഇതേ പംക്തിയിൽ എഴുതിയിരുന്നു. ക്രിസ്തുവർഷം എട്ടാം ശതകത്തിൽ ഇന്ത്യ സന്ദർശിച്ച ഹ്യേ ചോ (Hyecho) എന്ന കൊറിയക്കാരനായ ബൗദ്ധ സന്ന്യാസി എഴുതിയതും, ഫ്രഞ്ചുകാരനായ പി.പെല്ലിയോ(P.Pelliot) 1908–ൽ ചൈനയിൽനിന്നു കണ്ടെടുത്തതുമായ 'മധ്യഭാരത യാത്ര'

(A Passage to Central India) ആണ് ഈ കൃതി. ഈ കൃതിയെ സംബന്ധിച്ച കൂടുതൽ ചില വിവരങ്ങൾ ഇപ്പോൾ അറിയാറായിട്ടുണ്ട്. നമ്മുടെ ചരിത്രാദ്ധ്യാപകരുടെയും ചരിത്രവിദ്യാർത്ഥികളുടെയും ശ്രദ്ധ ഈ കൃതിയിലേക്ക് ആകർഷിക്കുന്നതിനാണ് ഒരിക്കൽക്കൂടി അതിനെപ്പററി എഴുതുന്നത്.

ഹ്യേ ചോവിനെക്കുറിച്ച്, ഈ കൃതിയിൽനിന്നു കിട്ടുന്ന വിവരങ്ങൾ മാത്രമേ നമുക്ക് അറിഞ്ഞുകൂട. തനിക്കു മുമ്പ് ഫാഹ്സിയേൻ (ഫാഹിയാൻ), സുങ്യുൻ, ഹ്സ്യുവാൻ ത്സാങ് (യുവാൻചാങ്), ഇത്സിങ് എന്നീ ചൈനക്കാരായ ബൗദ്ധഭിക്ഷുക്കൾ ചെയ്തതുപോലെ, ബുദ്ധമതത്തിൽ ഉന്നതപഠനം നിർവഹിക്കുന്നതിനും പ്രശസ്തങ്ങളായ ബൗദ്ധപുണ്യക്ഷേത്രങ്ങൾ സന്ദർശിക്കുന്നതിനുമായി ഇന്ത്യയിലെത്തിയ ഈ കൊറിയൻസന്ന്യാസി ക്രിസ്തുവർഷം 723 മുതൽ 727 വരെ ഇന്ത്യയിൽ സഞ്ചരിക്കുകയും ഈ നാട്ടിൽ താൻ കണ്ട വസ്തുതകൾ കുറിച്ചുവെക്കുകയുംചെയ്തു. ഹ്യേ ചോവിൻെറ ഈ യാത്രാഡയറി ആ കാലഘട്ടത്തിൽ ഉത്തരേന്ത്യയിലെ സാധാരണ ജനങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയുംപററി അമൂല്യങ്ങളും അന്യഥാ അലഭ്യങ്ങളുമായ പല വിവരങ്ങളും നമുക്കു നൽകുന്നുണ്ട്.

കിഴക്ക് ബംഗാളിൽനിന്ന് തെക്ക് കൃഷ്ണാനദിയുടെ സമുദ്രസംഗമസ്ഥാനംവരെയും, പടിഞ്ഞാറ് സിന്ധിൽനിന്ന് വടക്ക് കാശ്മീർവരെയും ഹ്യേ ചോ സഞ്ചരിക്കുകയുണ്ടായി.

മദ്ധ്യഭാരതത്തിൽ, വിന്ധ്യപർവതശൃംഖലയുടെ ഇരുവശങ്ങളിലുമായി അന്ന് അഞ്ച് ബൗദ്ധരാജ്യങ്ങളുണ്ടായിരുന്നു. വ്യത്യസ്ത രാജാക്കന്മാർ ഭരിച്ചിരുന്നവയെങ്കിലും ഈ അഞ്ചു രാജ്യങ്ങളിലും ഒരേ സാമൂഹ്യ–സാമ്പത്തിക–സാംസ്കാരിക വ്യവസ്ഥിതിയാണു നിലവിലിരുന്നത്. ഇവിടെയെല്ലാം ഒരേ ഭാഷ പ്രചരിച്ചിരുന്നു (ഈ ഭാഷ ഏതെന്നു വ്യക്തമല്ല; പ്രാകൃതം ആയിരിക്കാം). ജനങ്ങളുടെ വസ്ത്രധാരണരീതിയും ആചാരങ്ങളും ഈ അഞ്ചു രാജ്യങ്ങളിലും ഒന്നുതന്നെ ആയിരുന്നു. നിയമവ്യവസ്ഥയും ഇവയിൽ ഒന്നായിരുന്നു.

ഈ അഞ്ചു രാജ്യങ്ങളിലും ജയിലുകൾ ഉണ്ടായിരുന്നില്ല, എന്ന് ഹ്യേ ചോ അത്ഭുതത്തോടെ രേഖപ്പെടുത്തുന്നു. കുററക്കാരെ തടവിലിടേണ്ട ആവശ്യമുണ്ടായിരുന്നില്ല. അപരാധികൾക്കു വധശിക്ഷയോ, ചമ്മട്ടികൊണ്ടുള്ള അടിയോ നൽകിയിരുന്നുമില്ല. കുററവാളികൾക്കു ശിക്ഷയായി നൽകിയിരുന്നതു പിഴശിക്ഷ മാത്രമായിരുന്നു. നിർബന്ധിച്ചു വേല ചെയ്യിക്കലും അടിമസമ്പ്രദായവും ഈ രാജ്യങ്ങളിൽ നിലവിലുണ്ടായിരുന്നില്ലെന്ന് ഹ്യേ ചോ പറയുന്നു.

ജനങ്ങൾ അഹിംസാധർമത്തിൽ വിശ്വസിച്ചിരുന്നു. ജനങ്ങളോ, രാജാവോ മൃഗങ്ങളെ വേട്ടയാടിയിരുന്നില്ല. പ്രാപ്പിടിയന്മാരെ (ഫാൾക്കൺ) ഉപയോഗിച്ചു പക്ഷികളെ പിടിക്കുന്ന പതിവുപോലും ഇല്ലായിരുന്നു. ജന്തുജീവിതത്തിനു മനുഷ്യജീവിതത്തോടൊപ്പം വില അന്നത്തെ ഇന്ത്യയിൽ കല്പിക്കപ്പെട്ടിരുന്നു.

ബുദ്ധമതം ഇന്ത്യയിൽ ക്ഷയിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഹ്യേ ചോ ഇന്ത്യ സന്ദർശിച്ചത്. അപ്പോഴും, രാജാക്കന്മാരും സമ്പന്നവർഗവും ബുദ്ധമതത്തിൻെറ രണ്ടു വിഭാഗങ്ങളെ, ഹീനയാനത്തെയും മഹായാനത്തെയും, ആദരിക്കുകയും, ബുദ്ധൻ, ധർമം, സംഘം എന്നീ 'ത്രിധർമ'ങ്ങളിൽ ശരണം തേടുകയുംചെയ്തിരുന്നു.

ആര്യാവർത്തത്തിൻെറ (മധ്യദേശത്തിൻെറ) തലസ്ഥാനം അക്കാലത്ത് കാന്യകുബ്ജമായിരുന്നു. മഗധത്തിനും, (ബീഹാറിനും) അതിൻെറ തലസ്ഥാനമായിരുന്ന പാടലീപുത്രത്തിനും (പട്നയ്ക്കും) മൗര്യസാമ്രാജ്യ

കാലത്തു കൈവന്നിരുന്ന പ്രാധാന്യം ഹ്യേചോ സന്ദർശിക്കുന്ന അവസരത്തിൽ, ഇല്ലാതായിക്കഴിഞ്ഞിരുന്നു. കാന്യകുബ്ജത്തിൽ ഹർഷൻെറ പിൻഗാമികൾ അന്നു നാടുവാണുവന്നു. മികച്ച സൈനികശക്തി ഇവർക്കുണ്ടായിരുന്നതിനാൽ അവരുമായി സമാധാനത്തിൽ വർത്തിക്കുന്നതിന് അയൽരാജ്യങ്ങൾ നിരന്തരം ശ്രമിച്ചുവന്നു. കാന്യകുബ്ജം അന്നു വളരെ വിസ്തൃതമായ ഒരു രാജ്യമായിരുന്നു. ജനവർദ്ധനയായിരുന്നു അന്നും ഇന്നത്തെപ്പോലെ, ഗംഗാനദീതീരത്തിലെ മുഖ്യപ്രശ്നം.

കാന്യകുബ്ജത്തിൽനിന്നു തെക്കോട്ടു സഞ്ചരിച്ച് ഹ്യേചോ വിന്ധ്യപർവതം കടന്ന് നാസിക്കിലെത്തി. ഈ പ്രദേശത്തുണ്ടായിരുന്ന ഒരു രാജ്യത്തിൻെറ തലസ്ഥാനമായിരുന്നു നാസിക്ക് നഗരം. കാന്യകുബ്ജക്കാർ സംസാരിച്ചിരുന്ന ഭാഷയല്ല നാസിക്കിലെ ജനങ്ങൾ സംസാരിച്ചിരുന്നത്. ഒരുപക്ഷേ, മറാഠിഭാഷ ഒരു പ്രത്യേക ഭാഷയെന്ന നിലയിൽ അന്നേക്ക് ഉരുത്തിരിഞ്ഞിരിക്കാം. ഭാഷ വ്യത്യസ്തമെങ്കിലും, നാസിക്കിലെ ജനങ്ങളുടെ ഭക്ഷണസമ്പ്രദായങ്ങളും, വസ്ത്രധാരണരീതികളും, സാമൂഹ്യാചാരങ്ങളുമെല്ലാം കാന്യകുബ്ജക്കാരുടേതുതന്നെയായിരുന്നു.

പ്രസിദ്ധ ബൗദ്ധദാർശനികനും, 'പ്രതീത്യ സമുൽപാദം' (ഭൗതിക വസ്തുക്കളുടെ സാപേക്ഷത) എന്ന സിദ്ധാന്തത്തിൻെറ പ്രണേതാവുമായ നാഗാർജ്ജുനനെ സന്ദർശിച്ച് അഭിവാദ്യംചെയ്തതായി ഹ്യേചോ രേഖപ്പെടുത്തുന്നുണ്ട്.

സിന്ധ് ഉൾപ്പെടെയുള്ള ഇന്ത്യയുടെ പടിഞ്ഞാറുഭാഗം അന്നു വലിയ ഒരു വ്യാപാരകേന്ദ്രമായിരുന്നു. ക്രിസ്തുവർഷം 712—ൽ അറബികൾ സിന്ധ് പിടിച്ചെടുത്തു. ആഫ്രിക്കയിലും ഏഷ്യയിലും ഉണ്ടായ അറബികളുടെ അഭിയാനത്തിൻെറ കീഴക്കെ അതിരു് ആയിരുന്നു അന്ന് സിന്ധ്.

അറബികളുടെ സൈനികസാന്നിദ്ധ്യം അനുഭവപ്പെടുന്നതിന് ഏതാനും ശതാബ്ദങ്ങൾ മുമ്പുതന്നെ അവരുടെ വാണിജ്യസാന്നിദ്ധ്യം ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തു് അനുഭവപ്പെട്ടിരുന്നു. ഹ്യേചോ സൂചിപ്പിക്കുന്നതു് അറബികളുമായി പശ്ചിമ ഭാരതീയർ നടത്തിയിരുന്ന വാണിജ്യത്തെ ആയിരിക്കണം. കച്ചവടം അന്ന് ചരക്കുകളുടെ വിനിമയം (ബാർട്ടർ) എന്ന രൂപത്തിലാണു നടത്തപ്പെട്ടുവന്നതെന്ന് ഹ്യേചോ ചൂണ്ടിക്കാണിക്കുന്നു. ഉല്പന്നങ്ങൾ കൊടുത്തു പകരം വെള്ളിയും വസ്ത്രങ്ങളും വാങ്ങുകയായിരുന്നു ഇന്ത്യക്കാർ ചെയ്തിരുന്നതു്. നാണയങ്ങളുടെ ഉപയോഗം കുറവായിരുന്നു. പശ്ചിമഭാരതം അക്കാലത്തു ശില്പകലയ്ക്കു കേൾവികേട്ടിരുന്നു. അനേകം ഗുഹാക്ഷേത്രങ്ങൾ അവിടെയുണ്ടായിരുന്നു. കരിങ്കല്ലുകൊണ്ടുള്ള ബുദ്ധപ്രതിമകളുടെ നിർമാണവും അവിടെ പ്രശസ്തിയാർജിച്ചിരുന്നു.

വിദേശീയാക്രമണഭീഷണി നിരന്തരം നേരിട്ടുകൊണ്ടിരുന്ന 'വടക്കേരാജ്യ'ത്തിലെത്താൻ ഹ്യേചോവിനു മൂന്നുമാസം യാത്രചെയ്യേണ്ടിവന്നു. പഞ്ചാബിലെ ജാലന്ധരം (ജാലന്ധർ), കാശ്മീർ എന്നീ സ്ഥലങ്ങളും ഹ്യേചോ സന്ദർശിച്ചു.

ഒക്ടോബർ 11—ലെ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ, തെക്കൻകൊറിയയിലെ സിയൂളിൽനിന്ന് ഒരു ലേഖകൻ എഴുതിയ ഒരു വാർത്തക്കുറിപ്പിൽനിന്ന് എടുത്തതാണ് മേൽ ചേർത്ത വിവരങ്ങൾ.

ഈ സംക്ഷിപ്തവിവരണത്തിൽനിന്നുതന്നെ, ഹ്യേചോവിൻെറ യാത്രാവിവരണം ഇന്ത്യാചരിത്രത്തിൽ താല്പര്യമുള്ളവരെ സംബന്ധിച്ചിടത്തോളം, എത്രമാത്രം പ്രധാനമായ ഒരു രേഖയാണ് എന്നു വ്യക്തമാ

യിരിക്കും. ഈ ഗ്രന്ഥം പൂർണരൂപത്തിൽ വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിനു സർവകലാശാലകളോ, ഇന്ത്യാഗവണ്മെൻറിൻെറയോ, സ്റ്റേററ് ഗവണ്മെൻറുകളുടെയോ, വിദ്യാഭ്യാസ—സാംസ്കാരിക വിഭാഗങ്ങളോ, മുൻവന്നാൽ കൊള്ളാം.

(21 ഒക്ടോബർ, 1983)

# 78. മഹൻജദറോ ചരിത്രാവശിഷ്ടങ്ങൾ

മനുഷ്യവർഗം നിർമിച്ച ഏററവും പഴയ നാഗരികതകളിൽ ഒന്നാണു സിന്ധുസംസ്കാരം. ഇപ്പോഴത്തെ പാക്കിസ്ഥാൻ പ്രദേശത്തിലും ഇന്ത്യയിലെ പഞ്ചാബ്, ഗുജറാത്ത്, രാജസ്ഥാൻ പ്രദേശങ്ങളിലുമുള്ള നദീതടങ്ങളായിരുന്നു സിന്ധുസംസ്കാരത്തിൻെറ ആസ്ഥാനം. ഈജിപ്തിലെ നീലനദീതടസംസ്കാരം, ഇപ്പോൾ 'ഇറാക്ക്' എന്നറിയപ്പെടുന്ന പ്രദേശത്തിൽ ടൈഗ്രിസ്—യൂഫ്രട്ടീസ് നദികൾക്കിടയിലുണ്ടായിരുന്ന മെസോപ്പൊട്ടാമിയൻ സംസ്കാരം, ചൈനയിലെ ഹ്വാങ്ഹോ നദീതടസംസ്കാരം എന്നിവയാണു സിന്ധുസംസ്കാരത്തോടൊപ്പം പ്രാചീനങ്ങളായി പരിഗണിക്കപ്പെട്ടുവരുന്ന മററു മൂന്നു സംസ്കാരങ്ങൾ.

സിന്ധുസംസ്കാരം അയ്യായിരം വർഷങ്ങൾക്കുമുമ്പ് അത്യന്തം വികസിച്ച നിലയിലെത്തിയിരുന്നു. ഈ നാഗരികതയുടെ പ്രാരംഭം എങ്ങനെ എന്ന് ആർക്കും തിട്ടമായി അറിഞ്ഞുകൂടാ. സിന്ധുനദിയുടെ കൈവഴികളുടെ താഴ്വരകളിൽ പണ്ടുമുതൽ പാർത്തുവന്ന കർഷകർ ആയിരിക്കാം ഈ സംസ്കാരത്തിൻെറ ഉപജ്ഞാതാക്കൾ. അവർ വേറെ എവിടെനിന്നെങ്കിലും വന്നവരാണെന്നതിനു തെളിവ് ഒന്നുമില്ല. അന്നത്തെ നിലയിൽ അത്ഭുതാവഹമായ വിജ്ഞാനവും സാങ്കേതികവിദ്യയും ഇവർ നേടിയിരുന്നു. പ്രബലരും ബുദ്ധിശാലികളും ആയ നേതാക്കളുടെ കീഴിൽ ഏകീകരിക്കപ്പെട്ട ഈ കർഷകർ ജീവിതത്തിൻെറ ഭൗതിക—ആദ്ധ്യാത്മികമേഖലകളിൽ ആശ്ചര്യകരമായ പുരോഗതി നേടി. ലോകത്തിൽ ആദ്യത്തെ നാഗരികസംസ്കാരത്തിൻെറ ഉപജ്ഞാതാക്കൾ ഒരുപക്ഷേ, ഇവരായിരിക്കാം. ഉത്ഭവം പോലെതന്നെ രഹസ്യാത്മകമായിരുന്നു ഈ സൈന്ധവസംസ്കാരത്തിൻെറ തിരോധാനവും. സൈന്ധവനാഗരികത ലോകത്തിൽനിന്നു തിരോഭവിച്ചതു് മൂവായിരത്തഞ്ഞൂറു വർഷങ്ങൾക്കു മുമ്പായിരിക്കണം. ആ കാലഘട്ടത്തിലാണു മദ്ധ്യേഷ്യയിൽനിന്നു സിന്ധുഗംഗാസമതലത്തിലേക്ക് ആര്യജനതയുടെ വമ്പിച്ച ഒരു പ്രവാഹമുണ്ടായതു്. ഈ ആര്യന്മാരുടെ മതസാഹിത്യമാണു വേദങ്ങൾ. സൈന്ധവനാഗരികത പ്രാഗ് വൈദികമാകുന്നു.

ആര്യന്മാരുടെ ആഗമനത്തോടെ സൈന്ധവനാഗരികത വിസ്മൃതിയിലാണ്ടു. സൈന്ധവരുടെ പഴയ മഹാനഗരങ്ങൾക്കുമീതെ മണ്ണടിഞ്ഞു കയറി. മുമ്പു നഗരങ്ങളുണ്ടായിരുന്ന സ്ഥാനത്തു പില്ക്കാലത്തു മൺകൂനകൾ ഉയർന്നു കാണപ്പെട്ടു. ചുട്ട ഇഷ്ടികകൾ പെറുക്കിയെടുക്കുന്നതിനു ഗ്രാമീണർ ഈ മൺകൂനകൾ കുഴിക്കുക പതിവായി. 1920—ൽ യൂറോപ്യൻ പുരാതത്ത്വശാസ്ത്രജ്ഞരുടെ ശ്രദ്ധ സിന്ധുനദീതാഴ്വാരത്തിലെ ഈ മൺകൂനകളിൽ പതിഞ്ഞു. ഹിമാലയത്തിൻെറ അടിക്കുന്നുകൾ മുതൽ ഇന്ത്യാസമുദ്രതീരംവരെ ആയിരം മൈൽ നീളത്തിൽ പടർന്നു